# കേരളത്തിന്റെ ധന ആരോഗ്യസ്ഥിതി രോഗാതുരം : അഞ്ചിന-തീവ്ര പരിചരണ ചികിത്സ

**ഡോ. ജോസഫ് ഏബ്രഹാം**

കേന്ദ്ര ഗവൺമെന്റിന്റെ നീതി ആയോഗ് ഇന്ത്യയിലെ ഏതാനും സംസ്ഥാന ങ്ങളുടെ രണ്ടു ധനകാര്യ ആരോഗ്യ സൂചികകൾ (എഫ്.എച്ച്.ഐ.) തയ്യാറാക്കിയി രിക്കുന്നു. ഈ പഠന റിപ്പോർട്ടുകളിലെ കണ്ടെത്തലുകൾ സംസ്ഥാനങ്ങൾക്ക് പുനർവിചിന്തനത്തിനും പുതിയ ധനകാര്യ നയ രൂപീകരണത്തിനും ഉപകരി യ്ക്കും. എഫ്.എച്ച്.ഐ. 1-ഉം 2-ഉം ലഭ്യമാക്കിയിരിക്കുന്ന വിശദാംശങ്ങൾ, കേരള സർക്കാർ വിശദമായ ചർച്ചകൾക്ക് വിധേയമാക്കി പുതിയ ധനകാര്യ നയം രൂപീക രിച്ചു നടപ്പിലാക്കാൻ ശ്രദ്ധിക്കുമെന്ന് കരുതാം. 2022 മുതൽ 2025 സാമ്പത്തിക വർഷങ്ങളിലെ സംസ്ഥാനത്തിന്റെ ധനകാര്യ ആരോഗ്യ സ്ഥിതിയുടെ സുപ്രധാന നേർക്കാഴ്ചകൾ ഈ രണ്ടു പഠന റിപ്പോർട്ടുകളിൽ ലഭ്യമാണ്.

ഇവ കേരളത്തിന് നൽകുന്ന ധനകാര്യ പാഠങ്ങൾ ഏവ? ഇതിലെ കണ്ടെത്ത ലുകൾ നിലവിലെ സംസ്ഥാന ധന ആരോഗ്യസ്ഥിതിയുടെ യഥാർത്ഥ നേർക്കാഴ്ച കളാണോ? മൂന്ന് സാമ്പത്തിക വർഷത്തെ (2022-22, 2023-24, 2024-25) ധന സ്ഥിതി കളാണ് ഈ പഠനങ്ങൾ വിധേയമാക്കിയതെങ്കിലും, ലഭ്യമായ ഉൾക്കാഴ്ചകൾ സംസ്ഥാനത്ത് ഇടതു സർക്കാർ ഭരണകാലത്ത് (2015-2026) നടപ്പിലാക്കിയ ധന നയങ്ങളെ പ്രതിഫലിപ്പിക്കുമോ, വിശദീകരിക്കുമോ? നിലവിൽ സംസ്ഥാനത്തിന്റെ ധനകാര്യ ആരോഗ്യസ്ഥിതി ശരശയ്യയിലാണോ? രൂക്ഷമായി തുടരുന്ന സാമ്പത്തി ക രോഗാതുരത തീവ്ര പരിചരണ വിഭാഗത്തിലേയ്ക്കാണോ വഴി തുറന്നിരിക്കു ന്നത്? ഇതിൻപ്രകാരം പുതിയ സർക്കാർ (2020-31) ൽ സ്വീകരിക്കേണ്ട സാമ്പ ത്തിക ചികിത്സ നയ രൂപീകരണ നടപടി, മാറ്റങ്ങൾ, മുന്നേറ്റങ്ങൾ, ഏവയൊക്കെ? ക്രിയാത്മക നടപടികൾ സ്വീകരിക്കേണ്ട അഞ്ച് തീവ്ര പരിചരണ മേഖലകളെ വിശദമായി പരിശോധിക്കാം.

## കേരള സ്റ്റോറി

രണ്ടാമത്തെ എഫ്.എച്ച്.ഐ. റിപ്പോർട്ട് പ്രകാരം ധനകാര്യ പ്രവർത്തന മിക വിൽ, 2023-2024, 2024-25 സാമ്പത്തിക വർഷങ്ങളിൽ കേരളത്തെ ഏറ്റവും താഴ്ന്ന പ്രവർത്തന സ്കോർ നേടിയ വിഭാഗത്തിലാണ് ഉൾപ്പെട്ടിരിക്കുന്നത്. ഈ പഠനം പരിഗണിച്ച 18 സംസ്ഥാനങ്ങളിൽ ആകെ മ1ത്ത പ്രവർത്തന മികവിൽ കേരള ത്തിന് 15-ാം സ്ഥാനമാണ് ലഭിച്ചത്. കേരളത്തിന്റെ ധനകാര്യ ആരോഗ്യത്തെ പ്രതി കൂലമായി ബാധിച്ചിരിക്കുന്ന ഏതാനും പ്രധാന ഘടകങ്ങൾ :-

(i) വർദ്ധിത ഉപഭോക്തൃ ചിലവാക്കലുകൾ വ്യവസായ വികസനത്തെ അവഗണി ക്കുന്നു. (ii) വിഭവ സമാഹരണത്തിൽ വിടവ്-കാര്യക്ഷമതാക്കുറവ് രൂക്ഷമായി തുടരുന്നു. (iii) ഘടനാപരമായി സാമ്പത്തിക സുസ്ഥിരതയെ തുടരെ അവഗണി ക്കുന്ന വായ്പാ നയവും പരിണിത കടഭാരവും വർദ്ധിത തോതിൽ തുടരുന്നു.

## വേണ്ടത്ര ചർച്ച ഇല്ല

ധന ആരോഗ്യ സൂചിക -01 (എഫ്.എച്ച്.ഐ.) ജനുവരി 2025-ലും, എഫ്.എ ച്ച്.ഐ.റിപ്പോർട്ട് 11 മാർച്ച് 2026 ഉം പ്രസിദ്ധീകരിയ്ക്കപ്പെട്ടു. ഇവയുടെ കണ്ടെത്ത ലുകൾ വേണ്ടത്ര ചർച്ച ചെയ്യപ്പെട്ടില്ല. ഇഥപ്രമമായി തയ്യാറാക്കപ്പെട്ട ഈ ധന ആരോഗ്യ സൂചിക റിപ്പോർട്ടുകളിലെ മുഖ്യ വിഷയങ്ങൾ ഇവിടെ ഹ്രസ്വമായി പുനർവിചിന്തനം ചെയ്യാം. പിന്നിട്ട ഒരു ദശാബ്ദ കാലഘട്ടത്തിലെ സംസ്ഥാന ത്തിന്റെ ധനകാര്യ നടത്തിപ്പിന്റെ സൂഷ്മമായ പ്രതിഫലങ്ങൾ ഈ രണ്ട് റിപ്പോർട്ടുകളും പ്രതിഫലിപ്പിക്കും.

എഫ്.എച്ച്.ഐ - ഒന്ന്, 18 സംസ്ഥാനങ്ങളെയാണ് പഠന വിധേയമാക്കിയത്. അഞ്ച് മുഖ്യ ധനകാര്യ വിഷയങ്ങളെയാണ് പരിഗണിച്ചത്. രണ്ടാമത്തെ റിപ്പോർട്ട്

കൂടുതൽ മികവുകളോടെയാണ് തയ്യാറാക്കിയത്. പുതിയ അഞ്ച് പുതിയ ആനുകാലിക പരിഗണന വിഷയങ്ങളെ ഉൾപ്പെടുത്തി, പത്ത് നോർത്ത് ഈസ്റ്റേൺ ഹിമാലയൻ സംസ്ഥാനങ്ങളെയും ചേർത്തു. മുഖ്യ ലക്ഷ്യങ്ങൾ - മാനദണ്ഡങ്ങൾ വിശദമാക്കാം.

**<u>ലക്ഷ്യങ്ങൾ</u>**

1. സംസ്ഥാനങ്ങളുടെ ധനകാര്യ നിലനിപ്പിനെ അളക്കുക;
2. ധനകാര്യ അച്ചടക്കം പ്രോത്സാഹിപ്പിക്കുക;
3. സർക്കാർ പൊതു ചിലവുകളുടെ നിലവാരം ഉയർത്തുക;
4. അമിത കടഭാരത്താൻ ഉഴലുന്ന സംസ്ഥാനങ്ങൾക്ക് മുന്നറിയിപ്പുകൾ നല്കുക.
5. പൊതുവിൽ ബാധകമാവുന്ന തലങ്ങളിൽ സംസ്ഥാനങ്ങളെ താരതമ്യം ചെയ്യുവാൻ സാധിക്കുക.

**<u>മാനദണ്ഡങ്ങൾ -നേട്ടങ്ങൾ</u>**

(i) വിഭവ സമാഹരണം : ധന വിഭവങ്ങൾ കണ്ടെത്തി വിപുലീകരിയ്ക്കുക;

(ii) ധന വ്യയത്തിൽ ഗുണനിലവാരം: അതായത് ഉപഭോഗ ചിലവുകൾ കുറയ്ക്കുക, പ്രത്യുല്പാദനപരമായവ പ്രോത്സാഹിപ്പിക്കുക.

(iii) കട-സുസ്ഥിരത ഉറപ്പാക്കുക; വായ്പാ തിരിച്ചടവുകൾ സാധിത പ്രായമാക്കുക.

(iv) ധനകാര്യ വിവേകം പുലർത്തുക: വിവിധങ്ങളായ ധനകാര്യ കമ്മികൽ നിയന്ത്രിക്കുക.

(v) കട സൂചിക തയ്യാറാക്കുക: കടങ്ങളുടെ തിരിച്ചടയ്ക്കുവാനുള്ള കടഭാരം ക്രമീകരിയ്ക്കുക.

**<u>പുതിയ സ്കോറിംഗ് സമീപനം</u>**

സംസ്ഥാനങ്ങളെ ദേശീയ തലത്തിൽ പുതിയ ധനസ്ഥിതി റേറ്റിംഗ് രീതിയിലേക്ക് ഉൾപ്പെടുത്തി, നാലു ക്യാമ്പുകളിലായി തരം തിരിച്ചിരിക്കുന്നു: (i) നേട്ടക്കാർ, (ii) മുമ്പെ ഓടുന്നവർ, (iii) മികച്ച പ്രകടനം നടത്തുന്നവർ, (iv) മുന്നേറേണ്ടവർ എന്നിങ്ങനെ.

**<u>രീതി ശാസ്ത്രം മെച്ചപ്പെടുത്തി</u>**

2022-23 ലെ വിലയിലുത്തലുകൾക്ക് ശേഷം കടന്നുവന്ന ധനകാര്യ ഗതിവിഗതികൾ വിലയിരുത്തുവാൻ രണ്ടാമത്തെ എഫ്.എച്ച്.ഐ. ശ്രദ്ധ വച്ചു. മുഖ്യമായി പരിഗണിച്ച വിഷയങ്ങൾ : (i) കോവിഡിന് ശേഷമുണ്ടായ വലിയ തോതിലുള്ള ധന വിപുലീകരണങ്ങൾ; (ii) വർദ്ധിത കടഭാരം മൂലമുള്ള സാമ്പത്തിക പ്രതിസന്ധികൾ; (iii) ബജറ്റുകളിൽ ഉൾപ്പെടുത്താതെ ഏറ്റെടുക്കുന്ന ഇതര അമിത ബാദ്ധ്യതകൾ; (iv) പലിശ തിരിച്ചടവ് ഭാരം വർദ്ധിച്ചു വരുന്നത്, (vi) സുസ്ഥിരതാ മാനദണ്ഡങ്ങൾ കൂടുതൽ ഫലപ്രദമാക്കുക. ഇതിൻപ്രകാരം ലഭിച്ച മുഖ്യ കണ്ടെത്തലുകൾ വിശദീകരിയ്ക്കാം. അഞ്ചിന തീവ്ര പരിചരണ ചികിത്സാ വിധികൾ വിശദമാക്കാം.

**<u>1. വന്യു മൊബിലൈസേഷൻ</u>**

ഈയിനത്തിൽ സംസ്ഥാനത്തിന്റെ ക്സോർ 54.2 ആണ്. അതായത് വിഭവ സമാഹരണത്തിൽ സംസ്ഥാനം ഏതാണ്ട് 'മിതമായ' പ്രകടനമാണ് കാഴ്ചവച്ചിരിക്കുക. 2022-23 സാമ്പത്തിക വർഷത്തിൽ പ്രശ്ന ബാധിത ഇനങ്ങളായി ചൂണ്ടിക്കാണിക്കപ്പെട്ടിരിക്കുന്നത്; സംസ്ഥാന ഗുഡ്സ് & സർവ്വീസസ് ടാക്സുകൾ, ലോട്ടറി, മദ്യവില്പന-എക്സൈസ് എന്നിവയെ അമിതമായി ആശ്രയിക്കേണ്ടി വന്നു എന്നതാണ്. വ്യാവസായിക ഉത്പാദനത്തെ അടിസ്ഥാനപ്പെടുത്തിയ

നികുതി ബേസ് ഇനങ്ങൾ പരിമിതമായെ നിലവിൽ ഏർപ്പെടുത്തിയിട്ടുള്ളു. സംസ്ഥാനത്തെ ടാക്സ്-റവന്യു വരുമാനത്തിന്റെ വളർച്ചാ നിരക്ക് വളരെ താഴ്ന്നതും, ഉപഭോഗ ചിലവുകളെ മുഖ്യമായി ആസ്പദമാക്കിയുമാണ് ലഭ്യമാക്കുന്നത്.

എഫ്.എച്ച്.ഐ. രണ്ട് പ്രകാരം 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിലും വരുമാന കുറവ് രേഖപ്പെടുത്തി; ഇത് മുഖ്യമായും കേന്ദ്ര ഗ്രാന്റുകൾ, സ്റ്റാമ്പ് ഡ്യൂട്ടികൾ, ജി.എസ്.ടി, മറ്റ് നികുതി ഇതര ഇനങ്ങളിലാണ് അനുഭവപ്പെട്ടത്. ഇപ്രകാരം വലിയ തോതിലുള്ള വരുമാന കുറവുകൾ 2025-26-ലേയ്ക്കും തുടർന്നു.

**2. ധനവ്യയ ഗുണനിലവാരം**

ഇത് കേരളത്തിന്റെ വലിയ ദൗർബല്യ മേഖലയായി തുടർന്നു പോരുന്നു. ഇന്ത്യയിലെ തന്നെ കുറഞ്ഞ 4.2 എന്ന സ്കോറാണ് കേരളത്തിന് ഈയിനത്തിൽ ലഭിച്ചത്. ഉപഭോഗ വിഭാഗങ്ങളിലെ ചിലവുകൾക്കാണ് സർക്കാർ തലത്തിൽ മുൻതൂക്കം നൽകി വരുന്നത്. ഉദാ:- ശമ്പളം, പെൻഷൻ, പലിശ തിരിച്ചടവ്, കുറഞ്ഞ ക്യാപിറ്റൽ നിക്ഷേപം വകയിരുത്തലുകൾ എന്നിങ്ങനെ. എഫ്.എച്ച്.ഐ. രണ്ടും മുൻവർഷത്തെ കണ്ടെത്തലുകളെ ശരി വയ്ക്കുകയാണ്.

ചുരുക്കത്തിൽ സർക്കാർ-ഭരണ-ഉപഭോഗത്തിന് അമിത പ്രാധാന്യവും, വ്യവസായ നിക്ഷേപങ്ങൾക്ക് താഴ്ന്ന്-കുറഞ്ഞ പരിഗണന നൽകുന്ന സമീപനം കേരള സർക്കാർ പരക്കെ നല്കിപോരുന്നു. ഭരണ തുടർച്ച ലഭിച്ചെങ്കിലും ഈ രീതിക്ക് മാറ്റം വരുത്തുവാൻ ഇടതു സർക്കാർ ഗൗരവ പരിശ്രമം നടത്തിയിട്ടില്ല.

**3. ധനകാര്യ വിവേകം**

ഈ സൂചികയിൽ കേരളം തുടരെ വളരെ താഴ്ന്ന പ്രകടനമാണ് കാഴ്ചവച്ചിരിക്കുന്നത്. ധനകാര്യ കമ്മി 3 ശതമാനമെന്ന പൊതു നിബന്ധനയെ മറികടക്കുന്നത് തുടർന്നുപോന്നു. ഇതോടൊപ്പം വരുമാന കമ്മിയും, വർദ്ധിത കടമെടുക്കലുകളും തുടർന്നു. നിത്യ നിദാന ചിലവുകൾ നടത്തുന്നതിനായി വായ്പകളെ ആശ്രയിക്കുന്നത്-തുടരുന്നത് ധനകാര്യ വിവേകമില്ലായ്മയുടെ പ്രതിഫലനമായി. ഈ സമീപനം ഇടത് സർക്കാർ തുടർ ഭരണ കാലഘട്ടത്തിൽ നിർബാധം തുടർന്നുപോന്നിരിക്കുന്നു.

**4. കട ബാധ്യത**

കടഭാരത്തിന്റെ സമ്മർദ്ദത്തെയാണ് ഈ സൂചിക അളക്കുക. കടുത്ത കട ബാദ്ധ്യതയുള്ള സംസ്ഥാനങ്ങളുടെ ഗണത്തിലാണ് കേരളം ഉൾപ്പെട്ടിരിക്കുന്നത്. 23.1 എന്ന വളരെ കുറഞ്ഞ സ്കോർ നിലവിലെ കടുത്ത കട ഭാരത്തെയാണ് സൂചിപ്പിക്കുക. എഫ്.എച്ച്.ഐ.രണ്ടും കട ഭാരം വർദ്ധിച്ചതായും, വായ്പാ തിരിച്ചടവ് ഉത്തരവാദിത്വങ്ങൾ ക്രമം വിട്ട് കൂടി വരുന്നതായും വിലയിരുത്തിയിരിക്കുന്നു. കടം-ആഭ്യന്തര ഉത്പാദന റേഷ്യോ വളരെ ഉയർന്ന് 34 ശതമാനത്തിന് മുകളിലെത്തിയിരിക്കുന്നു. ഘടനാപരമായി സമ്പദ് വ്യവസ്ഥയെ ഞെരുക്കത്തിലാക്കുന്ന ഈ കടക്കെണി സംസ്ഥാനത്തിന്റെ സാമ്പത്തിക പുരോഗതിയ്ക്ക് തടസമായി തുടരുന്നു.

**5. കടം-സുസ്ഥിരത ഉറപ്പാക്കൽ**

കടമെടുത്ത് വർദ്ധിത തോതിൽ പ്രോത്സാഹിപ്പിച്ചുവരുന്ന ഉപഭോഗ മോഡൽ-വികസന സംസ്കാരം സുസ്ഥിര വികസനത്തെ തുടരെ അവഗണിച്ചു പോരുന്നു. 11.3 എന്ന ഏറ്റവും താഴ്ന്ന സ്കോറാണ് ഈ സൂചികയിൽ കേരളത്തിന് ലഭിച്ചത്. അതായത് സുസ്ഥിര കേരള വികസന-നിർമ്മാണ വാഗ്ദാന പ്രഘോഷങ്ങളെ സർക്കാർ കാറ്റിൽ പറത്തിയിരിക്കുന്നു. രണ്ടാമത്തെ എഫ്.എച്ച്. ഐ. ഈ രംഗത്ത് വളരെ ചെറിയ മുന്നേറ്റം സൂചിപ്പിക്കുന്നുണ്ട്. എങ്കിലും പിന്നിട്ട ദശാബ്ദ കാല ഘട്ടത്തിൽ കട ഭാര വളർച്ച തുടരെ സാമ്പത്തിക വളർച്ചയെക്കാൾ ഉയർന്ന തോതിൽ ആയത് ധന-കട സന്തുലിതാവസ്ഥയെ തകിടം മറിച്ചു. അതായത് വരുമാന വർദ്ധനവിനെക്കാൾ ഉയർന്ന നിരക്കിൽ കടങ്ങൾ വർദ്ധിച്ചു.

ചുരുക്കത്തിൽ സാമ്പത്തിക സുസ്ഥിരതയെ കട-ഭാരം തുടരെ ദുർബ്ബലപ്പെടുത്തി വരുന്നു.

**പിന്നിട്ട പത്ത് വർഷങ്ങളിലൂടെ (2015-2025)**

2015-25 കാലഘട്ടത്തിൽ സാമൂഹിക ക്ഷേമവും ഉപഭോഗ ചിലവ് പ്രോത്സാഹിപ്പിക്കലുകളും വർദ്ധിച്ചു. ബജറ്റിനു പുറമെ നിന്നുമുള്ള വായ്പകൾ വലിയ തോതിൽ വർദ്ധിച്ചു. ഉദാ. കിഫ്ബി, സർക്കാർ ആർ.ബി.ഐ. കടപത്രങ്ങൾ, ബോണുകൾ. വ്യവസായ വികസനവും സാമ്പത്തിക വളർച്ചയും അവഗണിക്കപ്പെട്ടു.

2020-22 സാമ്പത്തിക വർഷങ്ങളിൽ കോവിഡിന്റെ പ്രത്യാഘാതമെന്നോണം ധനസ്ഥിതി തകരാറിലായി, വരുമാനം കുറഞ്ഞു, വായ്പകൾ നിർബാധം വർദ്ധിച്ചു.

2022-23, 2023-25 കളിലെ എഫ്.എച്ച്.ഐ. 1 ഉം 2 ഉം പഠനങ്ങൾ പ്രകാരം:-

(i) ധനകാര്യ ആരോഗ്യസ്ഥിതി വഷളായി;

(ii) ഘടനാപരമായിട്ടുള്ള പ്രശ്ന പരിഹാര പ്രവർത്തനങ്ങൾ വളരെ ദുർബലമായ തോതിലാണ് സർക്കാർ ഏർപ്പാടാക്കിയത്.

ഫലമോ 2025-26 സാമ്പത്തിക വർഷത്തിലും ധനകാര്യ ആരോഗ്യ സ്ഥിതിഗതികൾ ഗുരുതമായി തുടർന്നു; കടഭാരം വർദ്ധിച്ചു, റവന്യൂ കുറവുകൾ കൂടി; ഭരണ നടത്തിപ്പ് ചിലവുകൾ ദുർവ്വഹമായി മാറി. ഇപ്രകാരം ധനകാര്യ രോഗാതുരത തുടർന്നുപോന്നു.

**പുതിയ സർക്കാർ 2026-31 പുതുക്കിയ ബജറ്റ് (2026-27)**

മേൽ വിലയിരുത്തലുകളുടെ അടിസ്ഥാനത്തിൽ ഏതാനും തുടർ നടപടികൾ രേഖപ്പെടുത്താം:-

(i) സംസ്ഥാനത്തിന്റെ പ്രതിവർഷ ശരാശരി മൂലധന ചിലവ് 20-25 ശതമാനമാക്കി വർദ്ധിപ്പിയ്ക്കട്ടെ.

(ii) സ്ഥിര മുഖ്യ റവന്യൂ-വരുമാന മാർഗ്ഗങ്ങളായ ലോട്ടറി, എക്സൈസ്, ഇന്ധനം മുതലായ ഉപഭോഗ നികുതികളെ മറികടന്ന്, പുതിയവ ഉദാ:- ഐ.റ്റി., വ്യവസായം, ലോജിസ്റ്റിക്സ്, ടൂറിസം എന്നീ മേഖലകളിൽ കണ്ടെത്തി ഏർപ്പാടാക്കട്ടെ.

(iii) വായ്പയെടുത്ത് പ്രവർത്തന മുന്നേറ്റം നടത്തുന്ന കിഫ്ബി പോലുള്ള, ഓഫ് ബജറ്റ് നിർമ്മാണ ഏജൻസികളുടെ പ്രവർത്തനത്തിൽ സുതാര്യത, ഭരണാധിഷ്ഠിത ജനകീയ നേതൃത്വം, മേൽനോട്ടം എന്നിവ ഉറപ്പാക്കാം.

(iv) സർക്കാരിന്റെ വിഭവ സാമാഹരണ ചിലവ് തലങ്ങളിൽ മികവുകൾ ഉറപ്പാക്കട്ടെ, മികച്ച മാതൃകകൾ സൃഷ്ടിച്ച് ജനശ്രദ്ധ-അംഗീകാരം ഉറപ്പാക്കാം. ഉത്പാദന ക്ഷമത വർദ്ധനവ്, ചിലവ് ചുരുക്കലുകൾ, വിലക്കയറ്റ നിയന്ത്രണങ്ങൾ, പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ എന്നിവ ഏർപ്പാടാക്കി ജനങ്ങളെ യഥാസമയം ബോധ്യപ്പെടുത്താൻ നടപടികൾ സ്വീകരിക്കുക.

(v) ധനകാര്യ സത് ഭരണ വകുപ്പ്-വിഭാഗം രൂപീകരിച്ച് പ്രവർത്തനങ്ങൾ സംസ്ഥാന-ജില്ലാ-ഗ്രാമതലങ്ങളിൽ ഏകോപിപ്പിക്കാം. ധന വകുപ്പിന് കീഴിൽ പ്രത്യേക ധന-മികവ് സെൽ രൂപീകരിച്ച് ഇവിടെ പ്രതിപാദിച്ച അഞ്ച് മുഖ്യ ധനകാര്യ സൂചികങ്ങളുടെ പ്രവർത്തനം മികവുറ്റതാക്കാം.

നിലവിൽ കേരളത്തെ തുടരെ ബാധിച്ചിരിക്കുന്ന ധനകാര്യ രോഗാതുരത തീവ്ര പരിചരണ വിഭാഗത്തിലേക്ക് അഡ്മിറ്റാക്കാതിരിക്കാൻ പുതിയ സർക്കാർ ജാഗ്രതയോടെ പ്രവർത്തിക്കുമെന്ന് പ്രത്യാശിക്കാം.

*********